GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

---

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 25/09/2026

1. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി കർഷക സുരക്ഷ വന്യമൃഗ സംഘർഷ  ലഘൂകരണ കോൺക്ലേവ് ഈ മാസം 29 ന് കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ വെച്ച് സംഘടിപ്പിക്കുന്നു. വന്യമൃഗങ്ങളെ കൃഷിയിടങ്ങളിൽ നിന്നും അകറ്റുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് അപഗ്രഥിക്കുന്ന ഈ കോൺക്ലേവ് രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 മണി വരെയാണ് സംഘടിപ്പിക്കുന്നത്.
2. ഒന്നാം വിള ( വിരിപ്പ് ) വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ ഭാഗമായി സപ്ലൈകോ കർഷകരിൽ നിന്ന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. 2026 ഡിസംബർ 31 നകം കൊയ്ത്ത് പൂർത്തിയാകുന്ന എല്ലാ

കർഷകരും സെപ്റ്റംബർ 30 നകം രജിസ്ട്രേഷൻ പൂർത്തിയാക്കണം. നേരിട്ടോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ www.supplycopaddy.in എന്ന വെബ് സൈറ്റിലൂടെയോ അപേക്ഷ സമർപ്പിക്കാം. രജിസ്ട്രേഷൻ സംബന്ധിച്ച അവശ്യസാഹായത്തിനായി കർഷകർക്ക് ബന്ധപ്പെട്ട കൃഷി ഭവനുകളുമായും പാടശേഖര സമതികളുമായും ബന്ധപ്പെടാവുന്നതാണ്. ഓരോ പാടശേഖരത്തിനും, നെല്ലിനത്തിനും, ഭൂമിരീതിക്കും വെവ്വേറേ അപേക്ഷകൾ സമർപ്പിക്കണം.

3. സംസ്ഥാന കൃഷിവകുപ്പ് കൃഷിയിടങ്ങളിൽ സൂക്ഷ്മജലസേചന പദ്ധതികളായ ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രിംഗ്ളർ സ്ഥാപിക്കുന്നതിനുള്ള അപേക്ഷ കൃഷിഭവൻ മുഖേന ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് അതാത് കൃഷിഭവനുകളുമായോ 8075892092, 9400988557 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ **"അലങ്കാര മത്സ്യകൃഷിയും, ലൈവ് ഫീഡ് കൾച്ചറും"** എന്ന വിഷയത്തിൽ **സെപ്റ്റംബർ** 30 ന് പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയങ്ങളിൽ 8547070773, 0487 2370773 എന്നീ ഫോൺ നമ്പറുകളിൽ സെപ്റ്റംബർ 29 ന് മുൻപായി ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാല-വനശാസ്ത്ര കോളേജ്, വെള്ളാനിക്കരയിലുള്ള ട്രീ നഴ്സറിയിൽ ഗുണമേന്മയുള്ള നല്ലയിനം മട്ടി (പെരുമരം, പൊങ്ങില്യം), തേക്ക്, മഹാഗണി, കൂടാതെ മറ്റ് വൃക്ഷതൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ട്. തൈ ഒന്നിന് 20/- രൂപ മുതൽ ആണ് വില വരുന്നത്. കൂടുതൽ വിവരങ്ങൾക്ക് 8547734401 എന്ന നമ്പറിൽ ബന്ധപ്പെടുക.

6. <u>നെല്ല് കർഷകർക്കുള്ള മുന്നറിയിപ്പ്</u>

വിത കഴിഞ്ഞ 40 ദിവസത്തിന് മുകളിൽ പ്രായമായ തകഴി, നെടുമുടി, അമ്പലപ്പുഴ നോർത്ത് കൃഷിഭവനുകളുടെ പരിധിയിലുള്ള ചില പാടശേഖരങ്ങളിൽ മുഞ്ഞയുടെ സാന്നിധ്യം കാണുന്നു. പകൽ സമയത്തെ കഠിന ചൂടും, രാത്രിയിലെ തണുപ്പുമായ കാലാവസ്ഥയിൽ മുഞ്ഞ കൂടുതലായി പകരാനുള്ള സാദ്ധ്യതയുണ്ട്. എന്നാൽ മിക്കയിടങ്ങളിലും മുഞ്ഞയുടെ മുട്ടകളെ ആഹാരമാക്കുന്ന മിറിഡ് ചാഴികൾ കാണപ്പെടുന്നു. ഈ സാഹചര്യത്തിൽ കർഷകർ വളരെ കരുതലോടുകൂടിയിരിക്കണം സാങ്കേതിക നിർദ്ദേശ പ്രകാരമല്ലാതെ ഒരു കീടത്തിനെതിരെയും രാസകീടനാശിനികൾ പ്രയോഗിക്കരുത്. കൃഷിയിടത്തിൽ പ്രയോഗിക്കുന്ന ഏതൊരു കീടനാശിനിയും തുടർന്ന്

മുഞ്ഞയുടെ വർദ്ധനവിന് കാരണമാകുമെന്നതിനാൽ, കർഷകർ ഈ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

ഈ സാഹചര്യത്തിൽ കർഷകർ അടിയന്തിരമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- മുഞ്ഞ കൂടുതാലായി കാണപ്പെടുന്ന പാടശേഖരങ്ങളിൽ വെള്ളം കയറ്റിയിറക്കിയതിനുശേഷം കൃഷി ഓഫീസറുടെ നിർദ്ദേശ പ്രകാരമുള്ള കീടനാശിനി മാത്രമേ ഉപയോഗിക്കാവൂ. മുഞ്ഞയ്ക്ക് കീടനാശിനി തളിക്കുമ്പോൾ നെൽച്ചെടിയുടെ ചുവട്ടിൽ വീഴുന്ന വിധം വേണം സ്പ്രേ ചെയ്യേണ്ടത്.

- നിലവിൽ മുഞ്ഞ കാണാത്ത പാടശേഖരങ്ങളിൽ മുഞ്ഞയ്ക്കെതിരെ ഇപ്പോൾ കീടനാശിനിപ്രയോഗം ആവശ്യമില്ല.

- മഴ മാറി ചൂട് അമിതമായി നിൽക്കുന്ന സാഹചര്യത്തിൽ മുഞ്ഞയുടെ ആക്രമണം സാധാരണയായി ഉണ്ടാകാറുണ്ട്. കർഷകർ ജാഗ്രത പുലർത്തേണ്ടതും നിരന്തരം നെൽച്ചെടിയുടെ ചുവട്ടിൽ പരിശോധന നടത്തേണ്ടതുമാണ്.

- അനാവശ്യമായി മിത്ര കീടങ്ങളെ കൂടി നശിപ്പിക്കുന്ന കീടനാശിനിപ്രയോഗം നടത്തുന്നത് മുഞ്ഞബാധ രൂക്ഷമാകാൻ കാരണമാകും.

അവധി ദിവസങ്ങളിലും കർഷകർക്ക് അന്വേഷണങ്ങൾക്ക് അതാത് കൃഷിഭവനുകളിലെ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.